(സി) സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(സാധാ)നമ്പർ 1388/2012/ആ.കു.വ. തിരുവനന്തപുരം തീയതി, 21-4-2012 പ്രകാരം ക്യാൻസർ രോഗികൾക്കും കിഡ്നി ചികിത്സ നടത്തുന്ന രോഗികൾക്കും സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ പദ്ധതിയിൽനിന്നും ചികിത്സാ ധനസഹായം നൽകുന്നതിനുള്ള വാർഷിക വരുമാനപരിധി 3,00,000 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. മറ്റ് രോഗികളുടെ കാര്യത്തിൽ വരുമാനപരിധി ഉയർത്തുന്ന വിഷയം പരിഗണനയിലുണ്ട്.

പൊതുജനാരോഗ്യ സംരക്ഷണം മുൻനിർത്തി നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മ പദ്ധതികൾ

91 (4375) ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യ സംരക്ഷണം മുൻനിർത്തി നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) പകർച്ചവ്യാധികളും ജീവിതശൈലീ രോഗങ്ങളും നിയന്ത്രണ വിധേയമാകുന്നതിനുതകുന്ന എന്തെല്ലാം പരിപാടികളാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിന്റെ പൊതുജനാരോഗ്യരംഗം നേരിടുന്ന വെല്ലുവിളികൾ മുൻകൂട്ടി കാണുന്നതിനും നേരിടുന്നതിനും ഉപകരിക്കുന്ന വിധത്തിൽ ഒരു ഏജൻസി രൂപവത്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പൊതുജനാരോഗ്യ സംരക്ഷണത്തിന് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പദ്ധതിയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതും നടപ്പിലാക്കുന്നതും. ഇതിൽ പകർച്ചവ്യാധി നിരീക്ഷണത്തിനും പ്രതിരോധത്തിനും പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെട്ടാൽ അത് നിയന്ത്രിക്കുവാനുമുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതുകൂടാതെ ജീവിതശൈലീരോഗ നിയന്ത്രണ പരിപാടിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. പബ്ലിക് ഹെൽത്ത് പ്രൊട്ടക്ഷൻ ഏജൻസി മുഖാന്തിരം പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള പകർച്ചവ്യാധി നിയന്ത്രണ പരിപാടികളായ സംയോജിത രോഗപര്യവേഷണ പരിപാടി (IDSP), ദേശീയ പ്രാണിജന്യ രോഗനിയന്ത്രണ പരിപാടി (NVBDCP), നിയന്ത്രണ-ഓറൽ റീഹൈഡ്രേഷൻ തെറാപ്പി പരിപാടി തുടങ്ങിയവ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷവും തുടർന്നും നടപ്പാക്കിവരുന്നു. 2012-ൽ 'സമഗ്ര' എന്നപേരിൽ രോഗപ്രതിരോധ പരിപാടി ഈ സർക്കാർ നടപ്പാക്കിയിരുന്നു. ഇതിൽ പകർച്ചവ്യാധി നിയന്ത്രണവും ജീവിതശൈലീരോഗ നിയന്ത്രണവും ഉൾപ്പെടുത്തിയിരുന്നു. 2013-ൽ പകർച്ചവ്യാധി പ്രതിരോധവും നിയന്ത്രണവും ചിട്ടയായി ഇതരവകുപ്പുകളുമായി ഒത്തുചേർന്ന് നടപ്പിലാക്കി. അതേവർഷം ജീവിതശൈലീരോഗ നിയന്ത്രണ പരിപാടി തുടരുകയുണ്ടായി. 2014-ൽ പകർച്ചവ്യാധി പ്രതിരോധത്തിന് ജില്ലാതല ആക്ഷണബിൾ പോയിന്റുകൾ ഉൾപ്പെടുത്തിയുള്ള പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ മാർഗ്ഗരേഖ ആരോഗ്യ വകുപ്പ് തയ്യാറാക്കി നടപ്പിലാക്കിവരുന്നു. ജീവിതശൈലീരോഗ നിയന്ത്രണ പരിപാടി കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനുവേണ്ടി 'അമൃതം ആരോഗ്യം പദ്ധതി', 'LEAP' (ലൈഫ്സ്റ്റൈൽ എഡ്യൂക്കേഷൻ & അവയർനസ് പ്രോഗ്രാം), 'SHAPE' പദ്ധതി (സിസ്റ്റമാറ്റിക്ക് ഹെൽത്ത് അസസ്മെന്റ് ഫോർ പോലീസ് പേഴ്സണൽ പദ്ധതി) തുടങ്ങിയവ ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ പൊതുജനാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആരോഗ്യ വകുപ്പിനോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജലവിഭവ വകുപ്പ്, സാമൂഹ്യനീതി, കൃഷി, വിദ്യാഭ്യാസം തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം അത്യാവശ്യമാണ്. വിവിധ വകുപ്പുകളുടെ പ്രവർത്തനം വിവിധ തലങ്ങളിൽ ഏകോപിപ്പിച്ച് നടപ്പിൽവരുത്തുന്നതിനായി ഒരു പൊതുജനാരോഗ്യ സുരക്ഷാ സമിതി (Public Health Protection Agency) രൂപീകരിക്കാനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

ഡോക്ടർമാരുടെ നിയമനം

92 (4376) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പി.എസ്.സി. ലിസ്റ്റിൽനിന്നും സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരെ നിയമിച്ചു തുടങ്ങിയിട്ടുണ്ടോ; എങ്കിൽ 2014 ജൂൺ മാസം മുതൽ നിയമനം നല്കിയവരുടെ പേരും അവരെ നിയമിച്ച ആശുപത്രിയുടെ പേരും ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly